## പതിമൂന്നാം കേരളനിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *213 — 8.07.2015 ലെ മറുപടിയ്ക്ക്

### "ഹില്ലി അക്വ"

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ.എൻ.ഷംസുദ്ദീൻ

**ഉത്തരം**

പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

**എ)** സർക്കാർ കുപ്പിവെള്ള സംരംഭമായ ''ഹില്ലി അക്വ'' യുടെ വിപണന സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കമോ;

എ) സർക്കാർ സംരംഭ കുപ്പിവെള്ളമായ ഹില്ലി അക്വായുടെ വിപണന സാധ്യത വിലയിരുത്തിയിട്ടുണ്ട്. കുപ്പിവെള്ള വിപണിയുടെ 36 ശതമാനം മേധാവിത്വവും വൻകിട കമ്പനികളുടേ താണ്. ശേഷിക്കുന്ന 34 ശതമാനം അസംഘടിതരായ ചെറുകിട യൂണിറ്റുകൾ കയ്യടക്കിയിരിക്കുന്നു. ബാക്കിയുള്ള വിഭാഗം സർക്കാർ സംരംഭങ്ങളാണ്. അവിടെയും വളരെ കുറച്ച കമ്പനികൾ മാത്രമാണ് ഉൽപ്പാദനവും വിപണനവും സ്വന്തമായി ചെയ്യുന്നത്. ഉത്പാദനവും വിപണനവും സ്വന്തമായി ചെയ്യുന്നതിലൂടെ കെ.ഐ.ഐ.ഡി.സി യും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും വ്യത്യസ്തത പുലർത്തുന്നുണ്ട്. ഹില്ലി അക്വാ അങ്ങനെ മറ്റു ബ്രാൻഡുകളിൽ നിന്ന് ഗുണമേൻമയിലും വിശ്വാസ്യതയിലും വേറിട്ട് നിൽക്കുന്നു.

**ബി)** ഉല്പാദനവും, വിപണനവും തമ്മിൽ അന്തരമുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കമോ ;

ബി) ഉണ്ട്. നിലവിൽ ഈ ഫാക്ടറിയുടെ ഉല്പാദനശേഷി ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കുപ്പികളാണ് എന്നാൽ ഡിസ്ട്രിബ്യൂട്ടർമാരുടെ ആവശ്യം പ്രതിദിനം ഒരു ലിറ്ററിന്റെ 1,20,000 കുപ്പിവെള്ളമാണ്.

**സി)** കുപ്പിവെള്ളവിപണിയിൽ ഹില്ലി അക്വയ്ക്ക് അർഹമായ വിപണി യുണ്ടാക്കി എടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കമോ?

സി) കണിശവും, സങ്കീർണ്ണവുമായ പ്രക്രീയകളിലൂടെ നിർമ്മിക്കപ്പെടുന്ന ഹില്ലി അക്വാ അതേ ഗുണമേന്മ നിലനിർത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ വിപണിയിൽ എത്തിച്ച് വ്യാപക

പരസ്യങ്ങളുടെ സഹായത്തോടുകൂടി കുപ്പിവെള്ള വിപണിയിൽ ഹില്ലി അക്വായ്ക്ക് അർഹമായ സ്ഥാനം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ